സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

57 [1852] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വരൾച്ച കാലത്ത് സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടു;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ഗവൺമെന്റിന്റെ പരിഗണനയിലുള്ള പദ്ധതികൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുടിവെള്ളക്ഷാമം രൂക്ഷമായ മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിലെ ശശിമലക്കുന്ന് പദ്ധതിയും മീനങ്ങാടി പഞ്ചായത്തിൽ പി.എം.ജി.വൈ. സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുമോ?

ഉത്തരം

(എ) പുൽപ്പള്ളി, മുള്ളൻകൊല്ലി, ബത്തേരി, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടത്.

(ബി) പൂതാടി പദ്ധതി, ശശിമലക്കുന്ന് പദ്ധതി, മീനങ്ങാടി പദ്ധതി എന്നിവ കൂടാതെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ബത്തേരി നിയോജക മണ്ഡലത്തിൽ ജില്ലാ കളക്ടറുടെ ഫണ്ടിൽ നിന്നും 80.47 ലക്ഷം രൂപയ്ക്കും കേന്ദ്ര സർക്കാരിൽ നിന്ന് 16.95 ലക്ഷം രൂപയ്ക്കും വിവിധ പഞ്ചായത്തുകൾ ഡെപ്പോസിറ്റ് ചെയ്ത ഇനത്തിൽ 55 ലക്ഷം രൂപയ്ക്കും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പൂതാടി പദ്ധതി 2006 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ശശിമലക്കുന്ന്, മീനങ്ങാടി എന്നീ പദ്ധതികൾ ഭരണാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ 2004 ഓഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കുന്നതാണ്.

(ഡി) ശശിമലക്കുന്ന് പദ്ധതിക്ക് വേണ്ടി വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ വിഭാഗം സർവ്വേ നടത്തി എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മീനങ്ങാടി പദ്ധതിക്ക് വേണ്ടി പി.എം.ജി.വൈ.-യിൽ 37 കിലോമീറ്റർ പൈപ്പ് ലൈനോടുകൂടി 328 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം തുടങ്ങാത്ത പദ്ധതികൾ ആരംഭിക്കേണ്ടതില്ലെന്ന തീരുമാനത്തിനുമേൽ ഈ പദ്ധതി തുടങ്ങിയില്ല. പിന്നീട് മീനങ്ങാടി

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്ക് വേണ്ടി കാരാപ്പുഴ ഡാം സ്രോതസ്സാക്കി 90 കി.മീ. പൈപ്പ് ലൈനോടു കൂടിയ പദ്ധതിക്ക് പുതുക്കിയ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. അതനുസരിച്ച് സർവ്വേ പൂർത്തിയാക്കി എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിയുടെ അടങ്കൽ തുക 710 ലക്ഷം രൂപയാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി

58 [1853] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ വരൾച്ച മൂലം ഉളവായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖാന്തിരം എത്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തത്;

(ബി) ഇതിലേക്ക് ഡിവിഷൻ തലത്തിൽ എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തകരാറിലായ പൈപ്പുകൾ മാറ്റിയിടുക, സ്രോതസ്സുകൾ വിപുലീകരിക്കുക, പൈപ്പ് ലൈനുകൾ നീട്ടുക, കൂടുതൽ പമ്പിംഗ് ഏർപ്പെടുത്തുക, പഴക്കമേറിയ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുക, കുഴൽക്കിണറുകൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആറ്റിങ്ങൽ വാട്ടർ സപ്ലൈ ഡിവിഷനിൽ 32.12 ലക്ഷം രൂപയും, നെയ്യാറ്റിൻകര ഡിവിഷനിൽ 5.12 ലക്ഷം രൂപയും, അരുവിക്കര ഹെഡ് വർക്ക്സ് ഡിവിഷനിൽ 11.67 ലക്ഷം രൂപയും, തിരുവനന്തപുരം പി.എച്ച്. ഡിവിഷനിൽ 27.72 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വയനാട്ടിലെ ജലക്ഷാമത്തിന് പരിഹാരം കാണാൻ പദ്ധതി

59 [1854] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രൂക്ഷമായ വരൾച്ച കാരണം വയനാട്ടിലെ കിണറുകളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളും വറ്റി വരളുകയുണ്ടായോ;

(ബി) ഇതിനു പരിഹാരമായി അടിയണയും തടയണയും ചെക്കുഡാമുകളും ഉഗർഭ അണകളും നിർമ്മിച്ച് ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമോ;

(സി) എങ്കിൽ വയനാട്ടിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly